**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയം ഭരണ വകുപ്പ് - കണ്ണൂർ ജില്ലയിൽ കല്ല്യാശ്ശേരി ഗ്രാമപഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള സ്ഥലം കണ്ണൂർ ജില്ലാ പഞ്ചായത്തിന് സൗജന്യമായി വിട്ടു നൽകുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയം ഭരണ (ആർ.സി) വകുപ്പ്**

സ.ഉ.(സാധാ) നം.3262/18/ത.സ്വ.ഭ.വ തിരുവനന്തപുരം, തീയതി, 29.12.2018.

പരാമർശം - 1) കല്ല്യാശ്ശേരി ഗ്രാമ പഞ്ചായത്ത് ഭരണസമിതിയുടെ 18.06.2018 ലെ 48/16-ാം നമ്പർ തീരുമാനം

2) കല്ല്യാശ്ശേരി ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ 11.07.2016 ലെ എ 2-2465/16-ാം നമ്പർ കത്ത്

3) പഞ്ചായത്ത് ഡയറക്ടറുടെ 22.01.2018 ലെ സി2-30731/18-ാം നമ്പർ കത്ത്

**ഉത്തരവ്**

കണ്ണൂർ ജില്ലാ പഞ്ചായത്ത് വനിതകൾക്കുള്ള തൊഴിൽ സംരംഭമായി ഒരു അപ്പാരൽ പാർക്ക് കല്യാശ്ശേരി ഗ്രാമപഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള കല്യാശ്ശേരി ദേശം റീസർവ്വേ 209 ൽ ചെക്കിക്കുണ്ട് എന്ന സ്ഥലത്തു നിർമ്മിക്കുകയുണ്ടായി. അപ്പാരൽ പാർക്ക് സ്ഥിതി ചെയ്യുന്ന സ്ഥലം ജില്ലാ പഞ്ചായത്തിന് വിട്ടുനൽകാൻ പരാമർശം (1) പ്രകാരം കല്യാശ്ശേരി ഗ്രാമപഞ്ചായത്ത് തീരുമാനിക്കുകയുണ്ടായി. കല്യാശ്ശേരി ഗ്രാമപഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള സ്ഥലം ജില്ലാപഞ്ചായത്തിന് വിട്ടുനല്കുന്നതിന്, സർക്കാർ അനുമതിക്കായുള്ള പഞ്ചായത്തിന്റെ അപേക്ഷ പരാമർശം രണ്ട് പ്രകാരം പഞ്ചായത്ത് ഡയറക്ടർ സർക്കാരിലേക്ക് അയച്ചുതന്നിട്ടുണ്ട്.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ച് കല്യാശ്ശേരി ഗ്രാമപഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ളതും ഗ്രാമപഞ്ചായത്ത് വിലക്ക് വാങ്ങിയതും കണ്ണൂർ ജില്ലാപഞ്ചായത്തിന്റെ അപ്പാരൽ പാർക്ക് സ്ഥിതി ചെയ്യുന്നതും റീസർവേ 209 ൽപ്പെട്ടതുമായ 11.44 സെന്റ് സ്ഥലം, 2005 ലെ കേരള പഞ്ചായത്ത് രാജ് (വസ്തു ആർജ്ജിക്കലും കയ്യൊഴിക്കലും) ചട്ടങ്ങളിലെ ചട്ടം 3(1) ലെ വ്യവസ്ഥകൾക്ക് വിധേയമായി, കണ്ണൂർ ജില്ലാ പഞ്ചായത്തിന് വിട്ടുനല്കാൻ കല്യാശ്ശേരി ഗ്രാമപഞ്ചായത്തിന് അനുമതി നൽകി ഉത്തരവാകുന്നു.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം )

മുഹമ്മദ് റിയാസ്

ഡെപ്യൂട്ടി സെക്രട്ടറി

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം

സെക്രട്ടറി, കല്ല്യാശ്ശേരി ഗ്രാമപഞ്ചായത്ത്

സെക്രട്ടറി, ജില്ലാപഞ്ചായത്ത്, കണ്ണൂർ

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്-എൽ.ബി.എ & എ), തിരുവനന്തപുരം

ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം

എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം

വിവര പൊതുജന സമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ്

കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻപ്രകാരം

സെക്ഷൻ ഓഫീസർ